**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 2749 18.06.2018 -ൽ മറുപടിക്ക്**

**സ്കൂൾ പാചകപ്പുരയുടെ വൃത്തിയും സ്ഥലസൗകര്യങ്ങളും**

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ.എൻ.എ ഖാദർ** പ്രൊഫ: സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| എ) സംസ്ഥാനത്തെ സ്കൂൾ പാചകപ്പുരകൾക്ക് ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ചുള്ള രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) സംസ്ഥാനത്തെ സ്കൂൾ പാചകപ്പുരകൾക്ക് ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ചുള്ള രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടില്ല. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ സ്കൂളുകളിലെ പാചകപ്പുരകൾ സന്ദർശിച്ച് ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള നിർദ്ദേശങ്ങൾ നൽകുകയും ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് സർക്കാർ ലാബുകളിൽ പരിശോധന നടത്തുകയും ചെയ്യാറുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 30-09-2015 ലെ മിഡ് ഡേ മീൽ റൂൾസ് 2015 ലെ റൂൾ (8) ലെ വ്യവസ്ഥ പ്രകാരം ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലേയും ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ ന്യൂട്രീഷ്യൽ സ്റ്റാൻഡേർഡ്സ്, ക്വാളിറ്റി, മൈക്രോ ബയോളജിക്കൽ പരിശോധനകൾക്ക് വിധേയമാക്കുന്നതിനായി കേന്ദ്ര സർക്കാർ അധീനതയിൽ പ്രവർത്തിയ്ക്കുന്നതും എൻ.എ.ബി.എൽ, എഫ്.എസ്.എസ്.എ.ഐ സർട്ടിഫിക്കേഷനുകൾ ഉള്ളതുമായ കൊല്ലത്തെ സി.ഇ.പി.സി.ഐ ലാബുമായി പൊതു വിദ്യാഭ്യാസ വകുപ്പ് ധാരണാപത്രം ഒപ്പിടുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പാചകപ്പുരകളുടെ വൃത്തിയും മറ്റു സ്ഥലസൗകര്യങ്ങളും ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറികളുടെയും മേന്മയും പാചകത്തൊഴിലാളികളുടെ ആരോഗ്യസ്ഥിതിയും ശുചിത്വവും പരിശോധിക്കുന്നതിന് നിലവിൽ എന്തു സംവിധാനമാണുള്ളതെന്ന അറിയിക്കുമോ; | ബി) വിവിധ തലത്തിലുള്ള കൃത്യമായ മോണിറ്ററിംഗ് സംവിധാനങ്ങളുടെ നിരീക്ഷണത്തിലും മേൽനോട്ടത്തിലുമാണ് സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്ത് കുട്ടികൾക്ക് നൽകുന്നത്. പോഷക സമൃദ്ധവും ഗുണമേന്മയുള്ളതുമായ ഭക്ഷണം ഏറ്റവും ശുചിത്വമുള്ള അന്തരീക്ഷത്തിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ അനുസരിച്ച് പാചകം ചെയ്ത് കുട്ടികൾക്ക് നൽകുന്നതിന് വിപുലമായ സംവിധാനങ്ങളാണ് നിലവിലുള്ളത്. ഇതിന് മേൽനോട്ടം വഹിക്കുന്നതിനായി നൂൺമീൽ കമ്മറ്റിയെ |

ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര മാനവവിഭവ ശേഷി വികസന വകുപ്പ് മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മിഡ് ഡേ മീൽ റൂൾസ് 2015 ലെ റൂൾ 7 പ്രകാരം സ്കൂൾ മാനേജ്മെൻറ് കമ്മിറ്റിയെ കൂടി പദ്ധതിയുടെ നടത്തിപ്പ്,ഭക്ഷണത്തിന്റെ ഗുണമേന്മ, ഭക്ഷണ വിതരണത്തിലെ ശുചിത്വം, പരിസര ശുചിത്വം എന്നിവ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തി യിരിക്കുന്നു. ഒരു അദ്ധ്യാപകൻ സ്കൂൾ ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട ഭക്ഷണത്തിന്റെ ഗുണനിലവാരവും, ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നു.

ഉച്ചഭക്ഷണം കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് മുൻപായി ഉച്ചഭക്ഷണത്തിന്റെ ചുമതലയുള്ള അദ്ധ്യാപിക/അദ്ധ്യാപകൻ ഭക്ഷണം രുചിച്ച് നോക്കാറുണ്ട്. കൂടാതെ ഉച്ചഭക്ഷണ വിതരണ സമയത്ത് ഒന്നിലധികം കുട്ടികളുടെ രക്ഷിതാക്കളോ, എസ്.എം..സി മെമ്പറോ ഉണ്ടാകാറുണ്ട്.കേന്ദ്ര സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കുമനുസൃതമായാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനായി ഉപജില്ലാ തലത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സംസ്ഥാനത്താകെ 163 നൂൺ മീൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സോൺ തലത്തിൽ പദ്ധതി പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്ന തിനായി 2 നൂൺമീൽ ഓഫീസർമാരെ സോണൽ കോർഡിനേറ്റർമാരായി നിയമിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുന്നതിനും ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മ, പോഷകമൂല്യം, ഭക്ഷണം പാചകം ചെയ്യുന്നതിലും വിതരണം ചെയ്യുന്നതിലും പാലിക്കേണ്ട ശുചിത്വം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുന്നതിനുമായി ഉപജില്ലാ/ ജില്ലാ/ സംസ്ഥാന തലങ്ങളിൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മോണിറ്ററിംഗ് സമിതികളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ, ന്യൂട്രീഷ്യൻ ആൻറ് ചൈൽഡ് ഡെവലപ്പ്മെൻറ് വിദഗ്ദർ, മെഡിക്കൽ ഓഫീസർമാർ എന്നിവർ അംഗങ്ങളാണ്. സ്കൂൾ തുറക്കുന്ന ദിവസംതന്നെ ഹെൽത്ത് കാർഡ് ഹാജരാക്കുവാൻ പാചകതൊഴിലാളികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓരോ 6 മാസം കൂടുംമ്പോഴും ഹെൽത്ത് കാർഡ് ഹാജരാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

| | | |
|---|---|---|
| സി) | ഇപ്രകാരമുള്ള വിവിധ കാര്യങ്ങളിൽ കൃത്യമായ നിരീക്ഷണമില്ലായ്മ കാരണം വിവിധ സ്കൂളുകളിൽ ഭക്ഷ്യവിഷബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇക്കാര്യങ്ങളിൽ കർശന സുരക്ഷാ നടപടികൾ സ്വീകരിക്കാമോ? | സി) കഴിഞ്ഞ വർഷം ഒരു സ്കൂളിൽ മാത്രമാണ് ഭക്ഷ്യ വിഷബാധ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ സ്കൂൾ വർഷാരംഭത്തിൽ തന്നെ സ്കൂളുകളിലെ കുടിവെള്ളം, ഉപയോഗിക്കുന്ന കിണറുകളും വാട്ടർടാങ്കും, പാചകപ്പുരയും, പരിസരങ്ങൾ വൃത്തിയാക്കുന്നതിനും പാചകതൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് എടുക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഉച്ചഭക്ഷണത്തിൻറെയും കുടിവെള്ള ത്തിന്റെയും ക്വാളിറ്റി ഉറപ്പ് വരുത്തുന്നതിന് കൊല്ലത്തെ സി.ഇ.പി.സി.ഐ ലാബ് അധികൃതർ പരിശോധന നടത്തുകയും റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ